# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2243      09.03.2018 - ലെ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | അഗളി, കടുകമണ്ണ ഊരിൽ മധു എന്ന യുവാവ് ആൾക്കൂട്ടത്തിന്റെ മർദ്ദനമേറ്റ് മരണപ്പെട്ട സംഭവം സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | ബി) | മധു എന്ന യുവാവ് ആൾക്കൂട്ടത്തിന്റെ മർദ്ദനമേറ്റ് മരണപ്പെട്ട സംഭവം സംബന്ധിച്ച് അട്ടപ്പാടി പ്രോജക്ട് ഓഫീസർ വിവരാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ കടുകമണ്ണ ഊരിൽ മല്ലി W/o (Late) മല്ലൻ എന്നവരുടെ മകൻ മധു (27 വയസ്സ്) മാനസികാസ്വാസ്ഥ്യമുള്ള ആളായിരുന്നു. ടിയാന് വീട് ഉണ്ടായിരുന്നെങ്കിലും, വീട്ടിൽ താമസിക്കാറില്ലായിരുന്നു. തൊട്ടടുത്തുള്ള വനത്തിലായിരുന്നു മധു താമസിച്ചിരുന്നത്. |

മാനസികാസ്വാസ്ഥ്യമുള്ള യുവാവിനെ മോഷണ കുറ്റം ആരോപിച്ച് ഒരു സംഘം ആളുകൾ 22.02.2018 ന് ഉച്ചയ്ക്ക് 2 മണിയോടെ കാട്ടിൽ ഇയാൾ താമസിക്കുന്ന സ്ഥലത്ത് ചെന്ന് പിടിച്ചുകെട്ടി മർദ്ദിക്കുകയും പിന്നീട് മുക്കാലി എന്ന സ്ഥലത്ത് വെച്ച് പോലീസിൽ ഏൽപ്പിക്കുകയും ചെയ്തിരുന്നു. അഗളി പോലീസ് സ്റ്റേഷനിൽ എത്തുന്നതിന് മുമ്പ് തന്നെ അവശനായിരുന്ന മധുവിനെ അഗളി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ചുവെങ്കിലും മരണമടഞ്ഞിരുന്നു.

മധുവിന്റെ കുടുംബം മുക്കാലി ചിണ്ടക്കി ഊരിൽ താരതമ്യേന മെച്ചപ്പെട്ട ജീവിതമാണ് നയിക്കുന്നത്. ടിയാന്റെ സഹോദരി സരസു മേലെ തുടുക്കിയിലെ അംഗൻവാടിയിൽ ടീച്ചറാണ്. മറ്റൊരു സഹോദരി ചന്ദ്രികയുടെ ഭർത്താവ് മണ്ണാർക്കാട് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിൽ അസിസ്റ്റന്റാണ്. മധു സഹോദരി ചന്ദ്രികയുടെ വീട്ടിൽ വന്ന് ഭക്ഷ്യ സാധനങ്ങൾ കൊണ്ടുപോകുമായിരുന്നു. കൂടാതെ മധുവിന്റെ അമ്മ ശ്രീമതി. മല്ലിയ്ക്ക് അന്ത്യോദയ അന്ന യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മാസവും 28 കിലോ അരിയും 7 കിലോ ഗോതമ്പും റേഷൻകട വഴി നൽകിയിട്ടുണ്ട്. മധു 2008 മുതൽ 2012 വരെ മാനസിക രോഗത്തിന് ചികിത്സയി

| | | | |
|---|---|---|---|
| | | | ലായിരുന്നു. മധു ബന്ധുക്കളിൽ നിന്നും അകന്നു മാറി സർക്കാർ വകുപ്പുകളുടെ ഫീൽഡ്തല ഉദ്യോഗസ്ഥർക്കോ, ക്ഷേമ പ്രവർത്തർക്കോ പിടിതരാതെ വനത്തിനുള്ളിൽ എല്ലാവരിൽ നിന്നും ഒറ്റപ്പെട്ടു താമസിച്ചുവരികയായിരുന്നു. ഈ പരിതസ്ഥിതിയിൽ ആണ് ഒരു സംഘം ആളുകൾ കാട്ടിൽ കയറി മധുവിനെ മോഷണക്കുറ്റം ആരോപിച്ചു കൊണ്ട് മർദ്ദിച്ചു കൊന്നത്. പ്രതിപട്ടികയിൽ ഉണ്ടായിരുന്ന 16 പേരെയും അഗളി പോലീസ് വിവിധ സ്ഥലങ്ങളിൽ നിന്നായി അറസ്റ്റ് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിൽ റിമാന്റ് ചെയ്തിട്ടുണ്ട്. |
| സി) | ആദിവാസി സമൂഹങ്ങൾക്കായി കോടിക്കണത്തിന് രൂപ ഓരോ വർഷവും ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവാക്കുന്നതായി രേഖയുണ്ടെങ്കിലും, അവയൊന്നും തന്നെ ആദിവാസി വിഭാഗത്തിലെത്തുന്നില്ലായെന്ന ആക്ഷേപം നിലനിൽകെ, വിശന്ന് ഭക്ഷണത്തിനായി ആദിവാസി യുവാവ് മോഷണം നടത്തേണ്ട സാഹചര്യം ഉണ്ടായത് പരിശോധിക്കുമോ; വിശദമാക്കാമോ; | സി) & ഡി) | ആദിവാസി സമൂഹങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക അവരിലേയ്ക്ക് എത്തുന്നില്ലെന്നുള്ള ആക്ഷേപം വസ്തുതാവിരുദ്ധമാണ്.<br><br>മാനസിക രോഗിയായിരുന്ന മധു ബന്ധുക്കളിൽ നിന്നും അകന്നുമാറി സർക്കാർ വകുപ്പുകളുടെ ഫീൽഡ്തല ഉദ്യോഗസ്ഥർക്കോ, ക്ഷേമ പ്രവർത്തകർക്കോ പിടിതരാതെ വനത്തിനുള്ളിൽ ഒറ്റപ്പെട്ടാണ് താമസിച്ചിരുന്നത്. ഈ സാഹചര്യത്തിലാണ് ഒരു സംഘം ആളുകൾ മധുവിനെ ഭക്ഷ്യസാധനങ്ങൾ മോഷ്ടിച്ചതായി മോഷണക്കുറ്റം ആരോപിച്ചുകൊണ്ട് മർദ്ദിച്ചു |
| ഡി) | കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ഭക്ഷ്യപാക്കേജ് ഏറ്റവും കൂടുതൽ അനുവദിച്ചിട്ടുള്ള | | |

| | | | |
|---|---|---|---|
| | അട്ടപ്പാടിയിൽ കുറമ്പർ വിഭാഗത്തിൽപ്പെട്ട യുവാവിന് വിശപ്പടക്കാൻ ശ്രമിച്ച അവസരത്തിൽ മരണപ്പെടാൻ ഇടയായ സഹാചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആദിവാസി സംരക്ഷണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | കൊന്നത്.<br><br>അട്ടപ്പാടി മേഖലയിൽ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൃഷി വകുപ്പുമായി സഹകരിച്ചു കൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന "മില്ലറ്റ് വില്ലേജ് പദ്ധതി" പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>ഭക്ഷ്യസഹായ പദ്ധതിയിലൂടെയും കമ്മ്യൂണിറ്റി കിച്ചൺ പരിപാടിയിലൂടെയും ഭക്ഷ്യ വസ്തുക്കൾ അട്ടപ്പാടി മേഖലയിൽ വിതരണം ചെയ്യുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന മേഖലകളിൽ കിടപ്പ രോഗികൾക്കും പോഷകാഹാര കിറ്റുകൾ വിതരണം നടത്തുന്നുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി 11,884 കുടുംബങ്ങൾക്ക് 1.80 കോടി രൂപയും 2017-18-ൽ ഏറ്റവും അർഹതപ്പെട്ട 4000 കുടുംബങ്ങൾക്ക് 1.22 കോടി രൂപ (3 തവണ) യും ചെലവഴിച്ചിട്ടുണ്ട്.<br><br>ഓണത്തിന് എല്ലാ കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ നൽകിയിട്ടുണ്ട്. സ്വയം തൊഴിൽ പദ്ധതികളിലൂടെയും നൈപുണ്യ വികസന പദ്ധതികളിലൂടെയും വകുപ്പ് |

| | | | |
|---|---|---|---|
| | | | നിരവധി തൊഴിൽ അവസരങ്ങൾ അട്ടപ്പാടിയിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സാമൂഹ്യനീതി വകുപ്പ മുഖേന നടപ്പിലാക്കി വരുന്ന പോഷകാഹാര വിതരണ പദ്ധതി കൗമാരക്കാരായ പെൺകുട്ടികൾക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന സബല പദ്ധതി, ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ ആരോഗ്യ പദ്ധതികൾ വകുപ്പിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>വിശപ്പടക്കാൻ ശ്രമിക്കവെ യുവാവ് മരണപ്പെട്ടിട്ടില്ല. ആദിവാസി സംരക്ഷണ ത്തിന് വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. സർക്കാർ സംവിധാനങ്ങൾ മുഖേന ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിന് വന്ന വീഴ്ച മൂലമല്ല മധുവിന്റെ മരണത്തിലേയ്ക്ക് നയിച്ച സംഭവ വികാസങ്ങൾ ഉണ്ടായിട്ടുള്ളത്.<br><br>**<u>കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി</u>** - പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 4.84 കോടി രൂപയും സാമൂഹിക നീതി വകുപ്പ് മുഖേന 3.00 കോടി രൂപയും ചെലവഴിച്ച് എല്ലാ പട്ടികവർഗ്ഗ ഊരുകളിലും പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുന്ന രീതിയിൽ 172 കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുകയും 15,000 ത്തോളം പട്ടികവർഗ്ഗക്കാർക്ക് ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 200 തൊഴിൽ ദിനങ്ങൾ ഇപ്പോൾ നൽകിവരുന്നു. |
| ഇ) | മധുവിന്റെ കുടുംബത്തിന് നഷ്ട പരിഹാരം നൽകിയോ; ടിയാന്റെ മരണത്തിൽ സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമുണ്ടെന്ന ആക്ഷേപമുള്ളത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ ഉയർന്ന നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | ഇ) | പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് മധുവിന്റെ ആശ്രിതർക്ക് അർഹതപ്പെട്ട 8,25,000/-രൂപയുടെ ആദ്യ ഗഡുവായി 4,25,000/-രൂപയുടെ ചെക്ക് മധുവിന്റെ അമ്മയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ധനസഹായമായി 10 ലക്ഷം രൂപ മധുവിന്റെ ബന്ധുക്കൾക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സംവിധാന ങ്ങളുടെ വീഴ്ചയല്ല മധുവിന്റെ മരണത്തിന് കാരണമായത്. ഉയർന്ന നഷ്ടപരിഹാരം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**